"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ്.- തിരുവമ്പാടി നിയോജക മണ്ഡലം എം.എൽ.എയുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് 'തിരുവമ്പാടി കെ.എസ്.ആർ. ടി.സി. ഡിപ്പോ നിർമ്മാണം' എന്ന പ്രവർത്തിയുടെ തുക മാറി എടുക്കുന്നതിന് '5055-00-190-95 Project Under LAC ADS (NP)' എന്ന ഗതാഗത വകുപ്പിന്റെ ശീർഷകത്തിലേക്ക് മാറ്റി പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗതാഗത (എ) വകുപ്പ്

സ.ഉ.(സാധാ) നം.513/2023/TRANS തീയതി,തിരുവനന്തപുരം, 24-11-2023

പരാമർശം:-

1. 30/04/2018-ലെ സ.ഉ(സാധാ) നം. 192/2018/ഗതാ.
2. 01/02/2020-ലെ സ.ഉ(സാധാ) നം. 50/2020/ഗതാ.
3. 31/05/2022-ലെ സ.ഉ(സാധാ) നം. 226/2022/ഗതാ.
4. 05/10/2023-ലെ തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയറുടെ LSGD/PD/58503/2023-DB4 നമ്പർ കത്ത്

**ഉത്തരവ്**

ശ്രീ. ജോർജ്ജ് എം. തോമസ്, തിരുവമ്പാടി മുൻ എം.എൽ.എ യുടെ 2016-17 ലെ നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി, 2,78,96,160/- രൂപ ചെലവിൽ, 'തിരുവമ്പാടി കെ.എസ്.ആർ.ടി.സി ഡിപ്പോ നിർമ്മാണം' എന്ന പ്രവൃത്തിയ്ക്ക് പരാമർശം (1) പ്രകാരം സർക്കാർ ഭരണാനുമതി നൽകുകയുണ്ടായി. ഇതിനാവശ്യമായ തുക 5055-00-190-95 - Projects Under LAC ADS (NP) എന്ന ഗതാഗത വകുപ്പിന്റെ ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനാണ് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നത്.

2. തുടർന്ന് പ്രവൃത്തി നടപ്പിലാക്കുന്നതിനായി സർക്കാർ അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ULCCS) ലിമിറ്റഡ് നെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ തുക 5475-00-800-91 എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് പരാമർശം (2) പ്രകാരം സർക്കാർ ഭരണാനുമതി പുതുക്കി നൽകുകയുണ്ടായി.

3. എന്നാൽ ടി പ്രവൃത്തിയിൽ നിന്നും ULCCS പിന്മാറിയതിനാൽ ടി പ്രവൃത്തിയുടെ നിർവ്വഹണച്ചുമതല തദ്ദേശ സ്വയംഭരണ വകുപ്പ് കോഴിക്കോട് ഡിവിഷന്റെ എക്സിക്യൂട്ടിവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി പരാമർശം (3) പ്രകാരം പുതുക്കിയ ഭരണാനുമതി ഉത്തരവ് നൽകുകയുണ്ടായി. ടി ഭരണാനുമതിയിൽ തുക ഏതു ശീർഷകത്തിൽ നിന്നും

അനുവദിക്കുമെന്നത് പരാമർശിച്ചിട്ടില്ലാത്തതിനാൽ മേൽ പ്രവൃത്തിയുടെ തുക മാറി എടുക്കുന്നതിന് '5475-00-800-91 'എന്ന ശീർഷകത്തിൽ നിന്നും '5055-00-190-95 Project Under LAC ADS (NP)' എന്ന ഗതാഗത വകുപ്പിന്റെ ശീർഷകത്തിലേക്ക് മാറ്റി പുതുക്കിയ ഭരണാനുമതി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം (4) പ്രകാരം തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ ആവശ്യപ്പെടുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവമ്പാടി നിയോജക മണ്ഡലം എം.എൽ.എയുടെ 2016-2017-ലെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് 'തിരുവമ്പാടി നിയോജക മണ്ഡലം കെ.എസ്.ആർ.ടി.സി. ഡിപ്പോ നിർമ്മാണം' എന്ന പ്രവൃത്തി നടപ്പിലാക്കുന്നത് കോഴിക്കോട് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർ ആയതിനാൽ ടി പ്രവർത്തിയുടെ തുക മാറി എടുക്കുന്നതിന് '5475-00-800-91 'എന്ന ശീർഷകത്തിൽ നിന്നും '5055-00-190-95 Project Under LAC (NP)' എന്ന ഗതാഗത വകുപ്പിന്റെ ശീർഷകത്തിലേക്ക് മാറ്റി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ജയന്തി സുധാകരൻ കെ എ എസ്
അണ്ടർ സെക്രട്ടറി

ശ്രീ. ലിന്റോ ജോസഫ് എം.എൽ.എ., തിരുവമ്പാടി.
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ. ടി.സി, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ (നോഡൽ സെന്റർ-സി) വകുപ്പ് (C2/16/2018-FIN)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ), വകുപ്പ്
(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി
പകർപ്പ് :- ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്.
ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

ഉത്തരവിൻ പ്രകാരം

Signed by
Sawmini Jayakumar
സെക്ഷൻ ഓഫീസർ
Date: 24-11-2023 13:32:29